മലയാള മനോരമ
ESTABLISHED 1888

23 January 2017

# മീനുകളെയും വിഴുങ്ങാൻ പ്ലാസ്റ്റിക്; ശ്രദ്ധനേടി ശ്മശാനദൃശ്യം

കൊച്ചി ● കടലിൽ അടിയുന്ന പ്ലാസ്റ്റിക് മാലിന്യം നമ്മുടെ മൽസ്യസമ്പത്തിനെയാണു ഗുരുതരമായി ബാധിക്കുന്നത്. മൽസ്യങ്ങളുടെ ഉള്ളിലും പ്ലാസ്റ്റിക്കിന്റെ സൂക്ഷ്മ അംശങ്ങൾ കണ്ടെത്തിയത് ഇതിന്റെ വിപത്തിലേക്കു വിരൽ ചൂണ്ടുന്നു. കടലിൽ അടിഞ്ഞു കൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ദുരന്ത ഫലങ്ങൾ ഓർമിപ്പിക്കുകയാണു 'മീനുകളുടെ ശ്മശാനം' എന്ന കലാസൃഷ്ടി.

മീനുകൾക്ക് ഉള്ളിലും അപകടകരമായവിധത്തിൽ പ്ലാസ്റ്റിക്കിന്റെ സൂക്ഷ്മ അംശങ്ങൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അശ്രദ്ധമായി പ്ലാസ്റ്റിക് വലിച്ചെറിയുന്നതിനെതിരെ കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പ്രതീകാത്മക ശ്മശാനം ഒരുക്കി ബോധവൽക്കരണം നടത്തുന്നത്.

പ്ലാസ്റ്റിക് ഉള്ളിലെത്തി ചത്തു മലർന്നു കിടക്കുന്ന മീനുകളുടെ ശ്മശാനമാണു ഫോർട്ട്കൊച്ചി ബീച്ചിൽ ഒരുക്കിയിരിക്കുന്നത്.

2500 ചതുരശ്ര അടിയിലധികം സ്ഥലത്തു 13 അടി ഉയരത്തിൽ തയാറാക്കിയിരിക്കുന്ന കലാരൂപത്തിനു പിന്നിൽ പ്രവർത്തിച്ചിരിക്കുന്നതു മനോജ് ബ്രഹ്മമംഗലവും പ്രമോദ് ഗോപാലകൃഷ്ണനുമാണ്.

കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് ഭാരത് അഭിയാന്റെ കീഴിൽ സിഎംഎഫ്ആർഐ നടത്തുന്ന മാലിന്യവിമുക്ത സമുദ്രം ബോധവൽക്കരണ ക്യാംപെയ്നിന്റെ ഭാഗമായാണു മീനുകളുടെ ശ്മശാനം ഒരുക്കിയിരിക്കുന്നത്.

കൊച്ചിൻ കപ്പൽശാലയുടെ സഹകരണത്തോടെ നിർമിച്ച ഇതിന്റെ പ്രദർശനം മാർച്ച് 15വരെ നടക്കും. ബീച്ചുകൾ പോലുള്ള പൊതുസ്ഥലങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കാൻ പൊതുജനങ്ങളുടെ സഹകരണം വേണമെന്നു പദ്ധതി ഉദ്ഘാടനം ചെയ്ത മേയർ സൗമിനി ജെയിൻ പറഞ്ഞു. ശാസ്ത്രീയമായ മാലിന്യ പരിപാലന രീതികൾക്ക് എല്ലാ പിന്തുണയും നൽകും. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് എല്ലാവരും തയാറാകണമെന്നും മേയർ വ്യക്തമാക്കി.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, പദ്ധതി നോഡൽ ഓഫിസർ ഡോ. ശ്യാം എസ്. സലിം, കൊച്ചി കപ്പൽശാല ജനറൽ മാനേജർ എം.ഡി. വർഗീസ്, കേന്ദ്ര മൽസ്യ സാങ്കേതിക സ്ഥാപനം ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സുനിൽ മുഹമ്മദ്, നഗരസഭ സ്ഥിരം സമിതി അധ്യക്ഷ ഷൈനി മാത്യു, സീനത്ത് റഷീദ്, ഷീബ ലാൽ, ആന്റണി കുരിയത്തറ, ആന്റണി ഫെലിക്സ് എന്നിവർ പ്രസംഗിച്ചു.



മാലിന്യവിമുക്ത സമുദ്രം ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി സിഎംഎഫ്ആർഐയുടെ മേൽനോട്ടത്തിൽ ഫോർട്ട്കൊച്ചി ബീച്ചിൽ നിർമിച്ച 'മീനുകളുടെ ശ്മശാനം' എന്ന പ്രതീകാത്മക കലാസൃഷ്ടി.